# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 189** — **17/02/2016-ൽ മറുപടിക്ക്**

## ബ്രഹ്മപുരത്ത് വാതകാധിഷ്ഠിത വൈദ്യുത ഉൽപ്പാദനം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>,, സി. ദിവാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>,, പി. തിലോത്തമൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ബ്രഹ്മപുരത്ത് വാതകാധിഷ്ഠിത വൈദ്യുത ഉൽപ്പാദനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എത്ര തുക ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ ; | (എ) ബ്രഹ്മപുരത്ത്, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റിന്റെ (BDPP) രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി വാതകാധിഷ്ഠിത ജനറേറ്ററുകൾ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. കെ.എസ്. ഇ.ബി. ലിമിറ്റഡ് ടി പ്രവൃത്തിയുടെ നിർവ്വഹണത്തിനുവേണ്ടി അടങ്കൽ തുക കണക്കാക്കിയതും ദർഘാസുകൾ സ്വീകരിച്ചതും സാങ്കേതിക വിദ്യയായ Engine based plant, Gas turbine based plant എന്നിവ പരാമർശിക്കാതെയായതിനാൽ ഇപ്രകാരം കണക്കാക്കിയിട്ടുള്ള അടങ്കൽ തുക 171 കോടി രൂപയായിരുന്നു. എന്നാൽ പദ്ധതി നിർവ്വഹണത്തിനായി Engine based open cycle- ടെക്നോളജിയിൽ അധിഷ്ഠിതമായതും 104 കോടി രൂപയുള്ളതുമായ ദർഘാസ് ആണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് അംഗീകരിച്ചത്.<br><br>ബ്രഹ്മപുരം ഡീസൽ നിലയത്തിലെ നിലവിൽ പ്രവർത്തന സജ്ജമല്ലാത്ത രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി പകരം വാതകമാക്കി മാറ്റിയ എൽ.എൻ.ജി. ഉപയോഗിച്ച് ഏകദേശം 39.86 മെഗാവാട്ട് ശേഷിയുള്ള ഗ്യാസ് അധിഷ്ഠിത ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ടെണ്ടർ വിളിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br><br>ബ്രഹ്മപുരം ഡീസൽ നിലയത്തോട് |

അനുബന്ധമായി ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഏകദേശം 400 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന വാതകാധിഷ്ഠിത കമ്പയിൻഡ് സൈക്കിൾ പവർ പ്രോജക്ടിന്റെ പാരിസ്ഥിതിക ആഘാത വുമായി ബന്ധപ്പെട്ട പഠനം ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭഗവതി അനാലാബ്സ് (പ്രൈവറ്റ് ലിമിറ്റഡ്) എന്ന കൺസൾട്ടൻസി നടത്തിവരുന്നു.

(ബി) വാതകാധിഷ്ഠിത വൈദ്യുതോല്പാദനം (ബി) വൈദ്യുതി റഗുലേറ്ററി കമ്മീഷൻ തടഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (K.S.E.R.C) 12.01.2016-ലെ ഉത്തരവു പ്രകാരം BDPP നിലയത്തിലെ കേടായ രണ്ട് ഡീസൽ ജനറേറ്റർ എൻജിനുകൾ മാറ്റി വാതകാധിഷ്ഠിത ജനറേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയ്ക്ക് മൂലധന നിക്ഷേപം നടത്തുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ താഴെ പറയുന്ന കാര്യങ്ങൾ നിരത്തി തിരസ്കരിക്കുകയുണ്ടായി.

1. വരുന്ന അഞ്ചു വർഷക്കാലയളവിലേയ്ക്കു വർഷം തോറുമുള്ള പ്രതീക്ഷിത വൈദ്യുതി ലഭ്യതയും വിതരണവും തമ്മിലുള്ള അന്തരം കണക്കിലെടുത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡ്, കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും, വൈദ്യുതി വ്യാപാരികളിൽ നിന്നും ഉത്പാദകരിൽ നിന്നും, സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുള്ള ദീർഘകാല കരാറിലേർപ്പെട്ടിരിക്കുന്നുവെന്നും അതിനാൽ സംസ്ഥാനത്തിനു നികത്താൻ കഴിയുന്ന വൈദ്യുതി കമ്മി മാത്രമേ വരുംനാളുകളിൽ ഉണ്ടാകാൻ സാധ്യതയുള്ളൂവെന്നും വൈദ്യുതി എക്സ്ചേഞ്ചുകളിൽ നിന്നും short term market ൽ നിന്നും, പീക്ക് സമയത്ത് 5 രൂപയിൽ താഴെ നിരക്കിൽ വൈദ്യുതി ലഭിക്കുമെന്നും ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന് അടുത്ത അഞ്ചു വർഷത്തേയ്ക്ക് ഇപ്പോൾ കരാറിലേർപ്പെട്ടിരിക്കുന്ന ദീർഘകാല കരാറുകൾ പ്രകാരമുള്ള

വൈദ്യുതി ലഭ്യമാകുമെന്നതിനാൽ കൂടുതൽ വൈദ്യുതി ദീർഘകാല കരാർ മുഖേന ആവശ്യം വരില്ലെന്ന നിഗമനത്തിലാണ് കമ്മീഷൻ ഒന്നാമതായി എത്തിച്ചേർന്നത്.

2. നിർദ്ദിഷ്ട വാതകാധിഷ്ഠിത പ്ലാന്റിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ കണക്കാക്കിയിട്ടുള്ള വേരിയബിൾ ചാർജ്ജ് (variable charge) സംസ്ഥാനത്തിന് മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭ്യമാകുന്ന വൈദ്യുതിയുടെ നിരക്കിനെ അപേക്ഷിച്ച് വളരെ കൂടുതലാണെന്ന നിഗമനത്തിലാണ് കമ്മീഷൻ രണ്ടാമതായി എത്തിച്ചേർന്നത്.

3. നിർദ്ദിഷ്ട വാതകാധിഷ്ഠിത നിലയത്തിന് രാജ്യത്തിനകത്തു നിന്ന്, വാതകം ലഭിക്കുന്നതിനുള്ള സാധ്യത കുറവാണെന്നും, ഈ പദ്ധതിക്കുവേണ്ടി ഇലക്ട്രിസിറ്റി ബോർഡ് GAIL, BPCL, IOC മുതലായ കമ്പനികളിലേതെങ്കിലും ഒന്നുമായി ഒപ്പിടേണ്ടി വരുന്ന വാതക വിതരണ കരാറിലെ 'Take or Pay' വ്യവസ്ഥ കാരണവും GAIL ഉം ആയി ഒപ്പിടേണ്ടി വരുന്ന 'Gas Transport Agreement' ലെ 'Ship or Pay' വ്യവസ്ഥ മൂലവും വാതകം എടുത്താലും ഇല്ലെങ്കിലും ഇന്ധന വില കൊടുക്കേണ്ടതായ സാഹചര്യം ഉണ്ടാകുമെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ടി ഉത്തരവു മൂലം ടി പദ്ധതി തൽക്കാലം നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. ആഗോള കമ്പോളത്തിൽ പെട്രോളിയം ഉൽപന്നങ്ങളുടെയും ഗ്യാസിന്റെയും വിലയിൽ കുറവ് വന്ന സാഹചര്യത്തിൽ 'Take or Pay' വ്യവസ്ഥയിൽ ഇളവ് വരുത്താമെന്നും, വേരിയബിൾ ചാർജിൽ ഗണ്യമായ കുറവ് സാദ്ധ്യമാണെന്നും പെട്രോനെറ്റ് LNG സൂചിപ്പിച്ചിട്ടുണ്ട്. പുതുക്കിയ സാഹചര്യത്തിൽ ഈ ഉത്തരവ് റിവ്യൂ ചെയ്യാൻ കെ.എസ്.ഇ.ആർ.സി.യോട് ആവശ്യപ്പെടാൻ കെ.എസ്.ബി.എൽ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ.